ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/04/2017*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- ❖ **For scientific Ayurvedic treatments with a traditional touch**
- ❖ **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- ❖ **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 4 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ചൈത്രം – വൈശാഖം
1191 – മീനം – മേടം 2017 ഏപ്രിൽ

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



## മഹാശയ് രാജ്പാൽ (1908 – 1929)

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ</u>**

| | | |
|---|---|---|
| ഏപ്രിൽ 06 | : | മഹാശയ് രാജ്പാൽ രക്തസാക്ഷിദിനം |
| ഏപ്രിൽ 10 | : | ആര്യസമാജ സ്ഥാപന ദിനം |
| ഏപ്രിൽ 13 | : | ജാലിയൻവാലാബാഗ് സ്മൃതിദിനം |
| ഏപ്രിൽ 14 | : | വിഷു |
| ഏപ്രിൽ 19 | : | മഹാത്മാ ഹൻസ് രാജ് ജന്മദിനം |
| ഏപ്രിൽ 20 | : | പണ്ഡിത വേദബന്ധു ശർമ്മ ജന്മദിനം |
| ഏപ്രിൽ 26 | : | പണ്ഡിത ഗുരുദത്ത് വിദ്യാർത്ഥി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



***മണ്ഡലം 1 സൂക്തം 6***

***മധുച്ഛന്ദാ ഋഷിഃ മരുതഃ ദേവതാഃ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**അതഃ പരിജ്മന്നാഗഹിദിവേ വാ രോചനാദധി।**

**സമസ്മിന്നൃഞ്ജതേ ഗിരഃ ॥**

***(ഋഗ്വേദം 1. 6. 9)***

**പദാർത്ഥം:** ഏതു വായുവിലാണോ എല്ലാ വ്യവഹാരങ്ങളും സിദ്ധിക്കുന്നത് ആ (പരിജ്മൻ) സർവ്വത്രസഞ്ചരിക്കുന്ന എല്ലാ പദാർത്ഥങ്ങളുടേയും എല്ലായിടത്തും എത്തുന്ന പവനൻ (അതഃ) ഈ പൃഥിവിയിൽ നിന്നും ജലകണങ്ങളെ ഗ്രഹിച്ച് (അദ്ധ്യാഗഹി) മുകളിലെത്തിച്ച് സൂര്യപ്രകാശത്താലും (വാ) അഥവാ (രോചനാത്) രുചിയെ വർദ്ധിപ്പിക്കുന്ന മേഘമണ്ഡലത്തിൽ നിന്ന് ജലത്തെ താഴോട്ട് പെയ്യിപ്പിച്ച് (അസ്മിൻ) ഈ പുറത്തും അകത്തും വസിക്കുന്ന പവനനിൽ എല്ലാ പദാർത്ഥങ്ങളും സ്ഥിതിചെയ്യുന്നു.

**ഭാവാർത്ഥം:** ഈ ബലവാനായ വായു തന്റെ ഗമനാഗമനത്താൽ എല്ലാ പദാർത്ഥങ്ങളുടേയും ഗമന-ആഗമന-ധാരണവും ശബ്ദങ്ങളുടെ ഉച്ചാരണത്തിനും ശ്രവണത്തിനും ഹേതുവാണ്.

ഈ മന്ത്രത്തിൽ സായണാചാര്യർ ഉണാദിഗണത്തിൽ സിദ്ധിക്കുന്ന 'പരിജ്മൻ' ശബ്ദത്തിന്റെ അർത്ഥം ഉപേക്ഷിച്ച് മനിൻ പ്രത്യയാന്തകൽപ്പനയാണ് ചെയ്തത്. അതദ്ദേഹത്തിന്റെ പിഴവാണ്. "അവിടേയും ഇവിടേയും സഞ്ചരിക്കുന്ന മനുഷ്യദേഹധാരിയായ ഇന്ദ്രാ ! നീ മുന്നിലും പിന്നിലും മുകളിലും ഞങ്ങളുടെ സമീപത്ത് വന്നാലും. ഇതെല്ലാം പാടുന്നവന്റെ ഇച്ഛയാണ്." മോക്ഷമൂലരസാഹിബ്ബിന്റെ ഈ അർത്ഥവും അത്യന്തവിപരീതമാണ്. എന്തെന്നാൽ ഈ വായു സമൂഹത്തിൽ മനുഷ്യരുടെ വാണിശബ്ദങ്ങളുടെ ഉച്ചാരണ വ്യവഹാരത്താൽ പ്രസിദ്ധമായതിനാൽ പ്രാണരൂപമായ വായു എന്നാണ് ഗ്രഹിക്കേണ്ടത്.

***(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്***
***തർജ്ജമ : കെ.എം. രാജൻ)***

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***






# ദയാനന്ദ സന്ദേശം

***ആര്യസമാജത്തിന്റെ മുഖപത്രം***

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 4 ലക്കം 10

**വേദ സൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ചൈത്രം – വൈശാഖം**
**1192 മീനം – മേടം 2017 ഏപ്രിൽ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**



| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| വേദപ്രകാശം പാഠാവലി | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| വാർത്തകൾ | : | 15 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## കൃണ്വന്തോ വിശ്വമാര്യം



ഇന്ദ്രം വർധന്തോ
അപ്തുരഃ കൃണ്വന്തോ
വിശ്വമാര്യമ്

(ഋഗ്വേദം 9.63.5)

വേദങ്ങൾ ഉദ്ഘോഷിക്കുന്ന മഹത്തായ ഒരു ദർശനമാണ് കൃണ്വന്തോ വിശ്വമാര്യമെന്നത്. നാം ഈ ഭൂമണ്ഡലത്തിലെ സർവ്വമാനവരേയും ആര്യന്മാരാക്കുക അതായത് ശ്രേഷ്ഠൻമാരാക്കുക എന്നർത്ഥം. എത്ര മനോഹരമായ ഭാവനയാണിത്. എന്നാൽ വെറും ഭാവനയും മുദ്രാവാക്യം വിളികൊണ്ടും ഈ ലക്ഷ്യം നേടുക സാധ്യമല്ല. അങ്ങനെ ആകുമായിരുന്നെങ്കിൽ ഈ ലോകം എന്നേ ആര്യമയമാകുമായിരുന്നു!

ആര്യൻ എന്ന ശബ്ദത്തിന്റെ ധാതു 'ഋ' എന്നതിൽ നിന്നുണ്ടാവുന്നു. അതിന്റെ അർത്ഥം ഗതി, മിതഗതി എന്നൊക്കെയാണ്. ഗതിശീലനും പ്രഗതിശീലനുമായ വ്യക്തിയേ ആര്യൻ എന്നു പറയാം. മിതാചാരി, സംയമി, സദാചാരി എന്നിവരെ ആര്യൻ എന്നുവിളിക്കാം. നേരായമാർഗ്ഗത്തിൽ ചരിക്കുന്നവൻ ആര്യനും വക്ര

***അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)***
***ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു***

മാർഗ്ഗം അവലംബിക്കുന്നവൻ അനാര്യനുമാണ്.

വേദങ്ങളുടെ ദൃഷ്ടിയിൽ കർമ്മശീലനായ വ്യക്തി ആര്യനാണ്. അകർമ്മശീലൻ അനാര്യനും, വേദം പറയുന്നു. 'ആര്യോ ജ്യോതിരഗ്രാഃ' (ഋഗ്വേദം 7.33.7) പ്രകാശത്തെ മുന്നോട്ടു വെച്ച് നടക്കുന്നവൻ ആര്യൻ എന്നർത്ഥം. ആരാണോ ജ്യോതിസ്തംഭമാവുന്നത് അയാൾ ആര്യൻ. അന്ധകാരത്തിൽ വർത്തിക്കുന്നവൻ അനാര്യൻ. വിദ്യാ അഥവാ ജ്ഞാനമാണ് ജ്യോതി. വേദപ്രകാശത്താൽ മുന്നോട്ടുഗമിക്കുന്നവനാണ് ആര്യൻ. വേദാനുസാരം പ്രവർത്തിക്കുന്നവൻ ആര്യൻ.

വിശ്വത്തെ ആര്യമയമാക്കുന്നതിനുമുമ്പ് നാം സ്വയം ആര്യനാകാൻ ശ്രമിക്കണം. നമ്മുടെ കുടുംബത്തെ ആര്യമയമാക്കാൻ പറ്റണം. സ്വയം നന്നാവാതെ മറ്റുള്ളവരെ നല്ലവരാക്കാൻ ഉപദേശിക്കാനാവില്ല. വേദം മുന്നോട്ട് വെയ്ക്കുന്ന കൃണ്വന്തോ വിശ്വമാര്യമെന്ന സങ്കൽപ്പം ഇതാണ്. ഈ ലക്ഷ്യപൂർത്തികരണത്തിനായി യജ്ഞഭാവന വളർത്തികൊണ്ടുവരണം. സ്വാഹാ എന്നു പറഞ്ഞു ആഹുതി ചെയ്യുന്നതിലൂടെ യജ്ഞം പൂർണ്ണമാവുന്നു. കൃണ്വന്തോ വിശ്വമാര്യമെന്ന യജ്ഞത്തിൽ പണ്ഡിതന്മാർ അവരുടെ ജീവിതവും ധനവാന്മാർ തങ്ങളുടെ ധനത്തേയും ഉദാരമായി ആഹുതി ചെയ്യണം. വിദ്യ കൈവശമുള്ളവർ വിദ്യയെ, ധനമുള്ളവർ ധനത്തെ, സമയമുള്ളവർ സമയത്തേ, സന്താനങ്ങളുള്ളവർ സന്താനങ്ങളെ ഈ കാര്യത്തിനായി സമർപ്പിക്കണം.

സ്വയം ആര്യനായിതീർന്ന് സ്വന്തം കുടുംബാംഗങ്ങളെ ആര്യൻമാരാക്കി മറ്റുള്ളവരെയും ആര്യന്മാരാക്കാൻ കൂട്ടായ്മശ്രമം വേണമെന്നാണ് ഈ വേദവാണി നൽകുന്ന ഉപദേശം.

**പത്രാധിപർ**


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | **സത്യാർത്ഥ പ്രകാശം** | – | ₹ 250.00 |
| (2) | **സന്ധ്യോപാസനയും അഗ്നിഹോത്രവും** | – | ₹ 60.00 |
| (3) | **വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി** | – | ₹ 40.00 |
| (4) | **ആര്യോദയം** | – | ₹ 10.00 |
| (5) | **ആര്യസമാജം എന്ത്? എന്തിന്?** | – | ₹ 10.00 |
| (6) | **സത്യാർത്ഥപ്രകാശം എന്ത്? എന്തിന്?** | – | ₹ 10.00 |
| (7) | **വൈദിക നിത്യകർമ്മ വിധി** | – | ₹ 20.00 |
| (8) | **ആര്യോദ്ദേശ്യ രത്നമാല** | – | ₹ 20.00 |
| (9) | **Vedas in Story form and Chaturvarnyam** | – | ₹ 35.00 |
| (10) | **Dayananda the Great** | – | ₹ 5.00 |


***തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)***

***ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു***







***(മുൻ ലക്കത്തിന്റെ തുടർച്ച)***

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

***മഹർഷി ദയാനന്ദ സരസ്വതി***

***തർജ്ജമ: കെ.എം. രാജൻ***

## അഥ വേദോൽപ്പത്തി വിഷയഃ

മേൽ വിവരിച്ച ആയിരം ചതുർയുഗങ്ങൾ ചേർന്നാൽ ഒരു ബ്രാഹ്മദിനം ആവും. അത്ര കണ്ടു ചതുർയുഗങ്ങൾ രാത്രിയിലുമുണ്ട്. സൃഷ്ടിയുടെ ഉൽപ്പത്തി നടത്തി ആയിരം ചതുർയുഗപര്യന്തം ഈശ്വരൻ സംരക്ഷിച്ച് നിർത്തുന്നു. ഇതിനെ ബ്രാഹ്മദിനമെന്ന് വിളിക്കുന്നു. ആയിരം ചതുർയുഗമായാൽ ഈ സൃഷ്ടിയെ നശിപ്പിച്ച് പ്രളയം അഥവാ കാരണത്തിൽ ലീനമാക്കി ആയിരം ചതുർയുഗത്തോളം കാലം കിടക്കും. ഈ സമയത്തെ 'ബ്രാഹ്മരാത്രി' എന്ന് പറയും. അതായത് സൃഷ്ടിനിലനിൽക്കുന്ന കാലത്തെ ദിനമെന്നും പ്രളയകാലത്തെ രാത്രിയെന്നും പറയും. ഇപ്പോൾ നടക്കുന്ന ബ്രാഹ്മദിനത്തിൽ നൂറ്റിതൊണ്ണൂറ്റാറ് കോടി എട്ടുലക്ഷത്തിഅമ്പത്തിരണ്ടായിരത്തിതൊള്ളായിരത്തിഎഴുപത്താറ് (1960852976) വർഷങ്ങൾ സൃഷ്ടിയുടേയും വേദങ്ങളുടേയും ഉൽപ്പത്തിക്കുശേഷം കഴിഞ്ഞുപോയിരിക്കുന്നു. ഇനി (2333227024) ഇരുനൂറ്റിമുപ്പത്തിമൂന്ന്കോടിമുപ്പത്തിരണ്ടുലക്ഷത്തിഇരുപത്തേഴായിരത്തിഇരുപത്തിനാലുവർഷം ഈ സൃഷ്ടിയിൽ അനുഭവിക്കാൻ ബാക്കിയുണ്ട് (ഇവിടെ വിക്രമസംവത്സരം 1933 വരെയുള്ള വർഷങ്ങളേയും പിന്നീടങ്ങോട്ടുള്ള കാലത്തേയുമാണ് എഴുതിയിരിക്കുന്നത്. ഇതിൽ ഒരു പിശകുണ്ട്. അതിനാൽ കഴിഞ്ഞുപോയകാലവും ഇനി വരാനുള്ള കാലവും എഴുതിയതിൽ വ്യത്യാസമുണ്ട്. ആ തിരുത്ത് ഇപ്രകാരമാണ്.

കാലഗണന ചെയ്തവർ കഴിഞ്ഞുപോയതും വരാനുള്ളതുമായ മന്വന്തരങ്ങളുടെ കണക്കാണ് ചേർത്ത് പറഞ്ഞത്. ഇതിൽ കഴിഞ്ഞ്പോയ മന്വന്തരങ്ങളിൽ ഏഴുസന്ധികാലവും വരാനുള്ളവയിൽ എട്ടു സന്ധികാലവും ചേർക്കാൻ വിട്ടുപോയിട്ടുണ്ട്. ഗ്രന്ഥകാരന്റെ അഭിപ്രായമനുസരിച്ച് ബ്രാഹ്മദിനത്തിൽ ആയിരം ചതുർയുഗങ്ങളുണ്ട് എന്നത് സ്പഷ്ടമാണ്. എന്നാൽ ഒരു മന്വന്തരത്തിൽ 71 ചതുർയുഗങ്ങളാണുള്ളത്. അപ്പോൾ പതിനാല് മന്വന്തരങ്ങളിൽ (14 X71=994) 994 ചതുർയുഗങ്ങളെ വരുന്നുള്ളു. ഇവിടെ 6 ചതുർയുഗങ്ങളുടെ കുറവുണ്ട്. സൂര്യസിദ്ധാന്തം തുടങ്ങിയ ആർഷഗ്രന്ഥങ്ങളനുസരിച്ച് ഒരു കല്പത്തിൽ 16 സന്ധികാലങ്ങളുണ്ട്. ഒരു മന്വന്തരസന്ധി കൃതയുഗത്തിന് (1728000) തുല്യമാണ്. ഇപ്രകാരം 15 സന്ധികാലം കണക്കാക്കിയാൽ 1728000 X 15 = 25920000 എന്നു കിട്ടും. ഇത് ആറുചതുർയുഗത്തിന് തുല്യമാണ്. (ഇപ്രകാരം 71 ചതുർയുഗങ്ങൾ അടങ്ങിയ 14 മന്വന്തരങ്ങളുടെ വർഷങ്ങൾ 994 ആണ്. അതോടൊപ്പം 15 സന്ധികളിലെ 6 കൃതയുഗകാലം കൂട്ടിയാൽ 1000 ചതുർയുഗമെന്ന സംഖ്യ കിട്ടും.

(തുടരും)

***ഭദ്രാ രാതിഃ (സാമം 111)***

***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

(മുൻ ലക്കത്തിന്റെ തുടർച്ച)

# വൈദിക ഈശ്വരൻ

കെ.എം. രാജൻ

6. വൈദിക സിദ്ധാന്തം വളരെ കൂടുതൽ സരളവും പരീക്ഷണവിധേയവുമാക്കാവുന്നതും യുക്തിസഹവും അനുയോജ്യവുമാണ്. സ്നേഹനിധിയായ ഒരു മാതാവിനെപോലുള്ള ഈശ്വരൻ നിങ്ങളെ ഒരിക്കലും ഒരു നരകത്തിൽ തള്ളിയിട്ട് എന്നന്നേക്കുമായി കത്തിച്ചുകളയുകയോ താങ്കളുടെ കഴിവിനും യോഗ്യതയ്ക്കുമനുസരിച്ച് വളർന്നുവികസിക്കാനുള്ള അവസരങ്ങളെ തടഞ്ഞുനിർത്തുകയൊ ചെയ്യില്ല. ഇവയിൽ ഏതാണ് കൂടുതൽ സന്തുഷ്ടി നൽകുന്നത്.

1. പൂജ്യംമാർക്ക് നേടിയ ഒരാൾ മാർക്ക് ലിസ്റ്റ് കൃത്രിമത്തിലൂടെ ഒന്നാം റാങ്കുകാരനാവുന്നു.
2. രാത്രി മുഴുവൻ ഉറക്കമിളച്ച് കഠിനാദ്ധ്വാനം ചെയ്തു പഠിച്ച് ഒരാൾ ഒന്നാം റാങ്കുകാരനായി തീർന്ന് താൻ പഠിച്ച വിഷയങ്ങളിൽ പണ്ഡിതനായിത്തീരുന്നു.

അതിനാൽ വേദങ്ങളിൽ എളുപ്പവഴികളൊ വളഞ്ഞവഴികളൊ ഇല്ല. ശരിയായ വഴി മാത്രമെ ഉള്ളൂ! കൃത്രിമവും അയഥാർത്ഥവുമായ വാഗ്ദാനങ്ങളേക്കാൾ വിജയമാണ് ഏറ്റവും സന്തുഷ്ടി നൽകുന്നത്.

**ചോദ്യം: ഈശ്വരൻ സാകാരനാണൊ നിരാകാരനാണൊ ?**

**ഉത്തരം** : 1. സാകാരനാണെങ്കിൽ അദ്ദേഹം സർവ്വവ്യാപകനല്ല. എന്തെന്നാൽ രൂപം ധരിക്കുന്നവന് പരിമിതികളുണ്ട്. അതിനാൽ തന്റെ രൂപത്തിനു പുറത്തുള്ള ഭാഗത്തേക്ക് അയാൾക്ക് പ്രവേശിക്കാനാവില്ല.

2. ഈശ്വരൻ സാധാരണനാണെങ്കിൽ മാത്രമെ അദ്ദേഹത്തിന്റെ രൂപം കാണാനാകൂ. എന്തെന്നാൽ പ്രകാശകണങ്ങളേക്കാൾ പ്രതിഫലനം നൽകാൻ കഴിയുന്ന വസ്തുവിനെ കാണാൻ സാധ്യമല്ല. ഈശ്വരൻ വിടവുകളില്ലാതെ എല്ലായിടത്തും വ്യാപിച്ചുനിൽക്കുന്ന സൂക്ഷ്മനാണെന്ന് വേദങ്ങൾ (യജുർവ്വേദം 40.8 ഉദാഹരണം) വ്യക്തമായി പറയുന്നു. അതിനാൽ അദ്ദേഹത്തിന് രൂപം ഉണ്ടാവില്ല.

3. ഇനി ഈശ്വരന് രൂപമുണ്ടെന്നുവരികിൽ ആരെങ്കിലും അതുണ്ടാക്കിയതാവണം. ഇത് സാധ്യമല്ല. അദ്ദേഹം തന്നെ അത് സൃഷ്ടിച്ചുവെന്നാണെങ്കിൽ അതിന്നർത്ഥം നേരത്തെ അദ്ദേഹം രൂപരഹിതനായിരുന്നുവെന്നാണ്.

4. ഈശ്വരൻ സാകാരനും നിരാകാരനുമാണെന്ന് നിങ്ങൾ പറയുകയാണെങ്കിൽ അത് അസാദ്ധ്യവും പരസ്പരവിരുദ്ധവുമാണ്.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

**ഭാഗം – 2** **സംസ്കാരങ്ങൾ**



4. **ജാതകർമ്മം**:- ഈ സംസ്കാരത്തിന് വിശേഷഹോമം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സൂതികാഗൃഹത്തിലെ അമംഗളകരമായ അന്തരീക്ഷം ഒഴിവാക്കാൻ വേണ്ടിയാണിത്. സുഗന്ധവസ്തുക്കൾ ഉപയോഗിച്ചാണ് ഹോമം ചെയ്യേണ്ടത്. പൊക്കിൾകൊടിമുറിക്കുന്നതുകൊണ്ട് കുഞ്ഞിന് ദുഃഖം ഉണ്ടാകാതിരിക്കാനും കുട്ടി സുഖമായിരിക്കാനും വേണ്ടിയാണിത് ചെയ്യുന്നത്.

5. **നാമകരണം**:- പേരിടുന്ന കാര്യത്തിലും തെറ്റുകൾ സംഭവിക്കരുത്. പണ്ടത്തെ ആര്യന്മാർ ആ കാര്യത്തിലും വളരെ ശ്രദ്ധിച്ചിരുന്നു. പേര് സുഖമായി ഉച്ചരിക്കാവുന്നതും മധുരവുമായിരിക്കണം. അതിന് രണ്ടക്ഷരമോ നാലക്ഷരമോ ഉള്ള പേരുകളാണ് തിരഞ്ഞെടുക്കുക. വ്യർത്ഥമായ നീണ്ട പേരുകളാവരുത്. അല്ലെങ്കിൽ ഇക്കാലത്ത് മഥുരദാസ്, ഗോപവൃന്ദ്, സേവക്ദാസ് എന്നിങ്ങനെ നീണ്ട പേരുകൾ നൽകി കുഴപ്പങ്ങൾ ഉണ്ടാക്കും. ചിലപ്പോൾ കൗഡിമാല, ഭിക്കാരിമാല, ഗോൺഡിയ, പഥര്യാ തുടങ്ങിയ വിലക്ഷണപൂർവ്വമായ പേരുകൾ നൽകും. ഇക്കാലത്ത് എല്ലാ തരം ഭ്രാന്തും പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ പേരിടുന്നതിൽ വരുന്ന അപകടത്തെകുറിച്ച് എന്തു പറയാൻ ? ദോഷകരമായത് നൽകുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സ്ത്രീകളുടെ പേരുകളും മാധുര്യമേറിയതാവണം. ഭാമ, അനസൂയ, സീത, ലോപാമുദ്ര, യശോദ, സുഖദ എന്നൊക്കെയായിരുന്നു പ്രാചീനാര്യസ്ത്രീകളുടെ പേരുകൾ.

6. **നിഷ്ക്രമണം**:- കോമള ശരീരമുള്ള കുഞ്ഞുങ്ങളെ കാറ്റുകൊള്ളാനായി വെളിയിലേക്ക് കൊണ്ടുപോവുക എന്നുള്ളതാണ് ഈ സംസ്കാരത്തിന്റെ ഉദ്ദേശ്യം (നാലാം മാസത്തിലാണിത് സാധാരണ നടത്താറുള്ളത്). കേരളത്തിലിതിന് 'വാതിൽപുറപ്പാട്' എന്നും പറയും – പരിഭാഷകൻ)

7. **അന്നപ്രാശനം**:- യഥാസമയം കുഞ്ഞിന് അന്നപ്രാശനം നടത്തിയില്ലെങ്കിൽ അത് ബുദ്ധിമുട്ടിനിടയാക്കും. അതിനാലാണീ സംസ്കാരം ചെയ്യുന്നത്. (ആറാമത്തെ മാസമാണിതിന് നിശ്ചയിച്ചിരിക്കുന്നത്. വേവിച്ച അന്നം ദഹിപ്പിക്കാനുള്ള ശേഷി വരുന്നസമയമാണിതിന് തിരഞ്ഞെടു

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

ക്കുന്നത് - പരിഭാഷകൻ).

8. **ചൂഡാകർമ്മം**:- തലയിൽ ചൂട് ഏൽക്കാതിരിക്കുന്നതിനും വിയർപ്പ് ഉറഞ്ഞു കൂടാതിരിക്കുന്നതിനും വേണ്ടിയാണ് ഈ സംസ്കാരം ചെയ്യുന്നത് (ഒരു വർഷം കൂടുമ്പോൾ മുടി മുറിച്ചുകളയുന്ന ചടങ്ങാണിത് - പരിഭാഷകൻ).

9. **വ്രതബന്ധം** (യജ്ഞോപവിതം):- പുരുഷൻമാർക്ക് വിദ്യാരംഭസമയത്ത് ഉൽസാഹമുണ്ടാവുന്നതിനായി വ്രതബന്ധനത്തിന് പ്രത്യേകനിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും വിദ്യാസമ്പാദനത്തിനുള്ള അധികാരം പണ്ടുണ്ടായിരുന്നു. അതിനനുകൂലമായി വിദ്യാബന്ധന (യജ്ഞോപവീത) സംസ്ക്കാരം പണ്ടുനടത്തിയിരുന്നു. പണ്ഡിതരായവർ അഥവാ ബ്രാഹ്മണർ ആര്യകുലത്തിൽ പിറന്ന ബാലൻമാർക്ക് പരുത്തിനൂലുകൊണ്ടുള്ള യജ്ഞോപവീതം വിശേഷ ചിഹ്നമായി ധാരണം ചെയ്യാൻ നൽകുമായിരുന്നു. ഇത് ധരിക്കുന്നതുമൂലം വളരെയധികം ഉത്തരവാദിത്വബോധം ഉണ്ടാവുന്നു. ക്ഷത്രിയരുടേയും വൈശ്യരുടേയും മക്കൾക്ക് പരുത്തി നൂലുകൊണ്ടല്ല, മറ്റൊരു പദാർത്ഥംകൊണ്ടുള്ള യജ്ഞോപവീതമാണ് നൽകിയിരുന്നത്. എന്നാൽ ശരിയായ വിദ്യാഭ്യാസം നടത്തിയില്ലെങ്കിൽ ബ്രാഹ്മണകുലത്തിലെ കുട്ടിയാണെങ്കിലും അയാളുടെ യജ്ഞോപവീതം എടുത്തുമാറ്റുമായിരുന്നു.

(തുടരും)


**ദയാനന്ദ സന്ദേശം വൈദിക മാസിക**



സത്യ - സനാതന - വൈദികധർമ്മ സന്ദേശം!
അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ
വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് - 679 504**
Email: dayanandasandesam@gmail.com
ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



ഇവിടെ ക്രിയക്കുള്ള ഒരുക്കങ്ങൾ തകൃതിയായി നടക്കുകയാണ്. പുണ്യാഹം ചെയ്തു ശുദ്ധീകരിച്ച് താലികെട്ടിച്ച് രാജഹോമത്തിനു വേണ്ടി വരന്റെ ആൾക്കാർക്ക് വധുവിനെവിട്ടുകൊടുക്കണം. നോക്കുമ്പോൾ വധു അഥവാ വധുത്വബോധം വരാത്ത കുട്ടിതന്നെ ലക്ഷ്യമാക്കിയാണീവകകാര്യങ്ങൾ എല്ലാം നടക്കുന്നതെന്നതറിയാതെ ബാലികാസഹജമായ വട്ടുകളിയിൽ മുഴുകിഇരിക്കുകയാണ്. കൂട്ടുകാരികളുമൊത്ത് കളിച്ചുകൊണ്ടിരുന്ന ആ പാവാട കുട്ടിയെ പിടിച്ചുകൊണ്ടുവരുമ്പോൾ അവൾ പൊട്ടിക്കരഞ്ഞുവത്രെ!

യുഗങ്ങളുടെ കുത്തൊഴുക്കിൽപ്പെട്ട് ഒഴുകിവരുന്ന അനേകാനേകം അഴുക്കുകളും ചപ്പുചവറുകളുമായി കൂടിക്കലർന്ന് കലങ്ങിമറിഞ്ഞ് പതതുപ്പി മലീമസമായ വെള്ളത്തിൽ ആത്മീയ-ദൈവിക സിദ്ധാന്തങ്ങളും ഒലിച്ചുപോയി. ബാല്യവിവാഹത്തിന്റെ ദൂരവ്യാപകമായ ദുഷ്പരിണാമത്തെ മുൻകൂട്ടികാണാൻ കഴിയാതെ പോയ സമൂഹം അല്പായുസ്സും രോഗഗ്രസ്തവുമായ സമൂഹത്തെ സൃഷ്ടിച്ചു വിടുന്നുവെന്ന തത്ത്വത്തിന്റെ പ്രത്യക്ഷപ്രമാണമായല്ലെ ഈ വിവാഹം നിലകൊള്ളുന്നത്?

വിവാഹാനുബന്ധക്രിയകളായ പഞ്ചമേനി-ദശമേനി, സേകം മുതലായവ പേരിന് നടത്തിയെന്നുവരുത്തി. 'നടത്തിയെന്നുവരുത്തി' എന്നുപറയാൻ കാരണമുണ്ട്. 12 വയസ്സായ കുട്ടി ഒരമ്മയാവാൻ പ്രാപ്തയായിട്ടുണ്ടാവില്ല എന്നു തന്നെ.

കുടിവെപ്പും ഒട്ടും മോശമായില്ല. പാനേങ്കളി സത്രസമേതമായിരുന്നു. ദേശക്കാരും ചാർച്ചക്കാരും വേഴ്ചക്കാരുമെല്ലാം കൂടി പരസഹസ്രം ജനസഞ്ചയം ഒത്തുകൂടിയിരുന്നു ആ കുടിവെപ്പാഘോഷത്തിന്.

ആ വൈവാഹികോൽസവം കഴിഞ്ഞ് അധികം താമസിയാതെ ഒരു കുഞ്ഞിക്കാൽ കാണാനുള്ള ആഗ്രഹം ബാക്കിനിൽക്കെ മുത്തശ്ശിയുടെ വാർദ്ധക്യസഹജമായ ദീനം വൈഷമിച്ചു (മരണപ്പെട്ടുവെന്നർത്ഥം). അതിനുശേഷം അച്ഛൻ സർവതന്ത്രസ്വതന്ത്രനായി. കുടുംബത്തിലെ അനിഷേധ്യനേതാവായി. തിരുവായ്ക്കെതിർവായ് ഇല്ലാത്തവനായി തീർന്നു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

***തർജ്ജമ: കെ. എം. രാജൻ***

**ഇ**വിടേയും 'ആത്മസ്ഥ' ശബ്ദം കാണുന്നതിനാൽ ഈശ്വരനും ജീവാത്മാവുമായുള്ള ബന്ധം വ്യാപകനും വ്യാപ്യനും അന്തര്യാമിയും അന്തര്യാമ്യനും ആണെന്നുവരുന്നതിനാൽ ജീവാത്മാ - പരമാത്മാവ് ഒരിക്കലും ഒന്നാണെന്നുവരുന്നില്ല വ്യാസസൂത്രം "നേതരാഽനുപപത്തേഃ"

ജീവാത്മാവിന് ജഗദ്രചനാചേഷ്ടകൾ ഉണ്ടാവുന്നില്ല. "വേദവ്യപദേശാച്ച" ബ്രഹ്മവും ജീവാത്മാവും ഭിന്നമാണ്. "മുക്തോപസൃത്യ വ്യപദശാത്" മുക്തപുരുഷൻ ബ്രഹ്മത്തിന്റെ സമീപമെത്തി ആനന്ദിതനായിതീരുന്നു. "പ്രാണഭൃന്ച" പ്രാണധാരിയായ ജീവാത്മാവ് ജഗത്തിന്റെ കാരണമല്ല. "വിശേഷണഭേദവ്യപദേശാഭ്യാമ് നേതരൗ" വിശേഷണദിവ്യവും സർവ്വജ്ഞാദിഭേദവ്യപദേശത്താൽ ജീവാത്മാവും പ്രകൃതി തുടങ്ങിയവയും പരമാത്മാവിൽ നിന്ന് വ്യത്യസ്ഥമാണ്.

ഇതിൽ ജീവാത്മാവും പ്രകൃതിയും ജഗത്തിന്റെ കാരണമല്ല. ജീവാത്മാവും ബ്രഹ്മവും വേറെയല്ലാ എങ്കിൽ ജഗത്തിന്റെ കാരണമാവുന്നതിൽ നിഷേധമുണ്ടാവുമായിരുന്നില്ല. ജീവാത്മാവും ബ്രഹ്മവും ഒന്നാണെങ്കിൽ നിഷേധത്തിന് ആവശ്യവും വരുന്നില്ല. ഇങ്ങനെ വ്യാസന്റെ ശാരീരികസൂത്രം തുടങ്ങിയവയിൽ നിന്നും ജീവാത്മാവും ബ്രഹ്മാവും ഒന്നല്ലാ എന്ന് സ്പഷ്ടമാവുന്നു. അവ വ്യത്യസ്തമാണെന്നും.

അതേപോലെ നവീനവേദാന്തികൾ പഞ്ചീകരണ (അഞ്ചു വിഭാഗങ്ങൾ - അതായത് ആകാശം, വായു, അഗ്നി, ജലം, പൃഥ്വി) മെന്നതിനെ ക്കുറിച്ച് ഭാവന ചെയ്യുന്നുണ്ട്. അതും ശരിയല്ല. ഛാന്ദോഗ്യോപനിഷത്തിൽ ത്രിവൃൽക്കരണത്തെപ്പറ്റി പറയുന്നുണ്ട്. എന്തെന്നാൽ ആകാശത്തെ പഞ്ചീകരണം (അഞ്ചു വിഭാഗങ്ങൾ) അഥവാ സംയോഗം അസംഭവമാണ്.

നവീനവേദാന്തികളുടെ പ്രചാരം മൂലം മനുഷ്യർക്ക് സുഖം തുടങ്ങിയവയിൽ അത്യന്തഹാനിയുണ്ടായിട്ടുണ്ട്. എന്തെന്നാൽ ഇവരിൽ രണ്ടു വലിയ ദോഷങ്ങളുണ്ട്. ഒന്ന് ജഗത്ത് മിഥ്യയാണെന്ന് കരുതലും രണ്ടാമത് ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന് വിശ്വസിക്കലും. ഈ ജഗത്ത് സ്വപ്നതുല്യമാണെന്ന് ജഗത് മിഥ്യയാണെന്ന് കരുതുന്നവർ പറയുന്നു. ഇത് തെറ്റാണ്. ഏതൊന്നിന്റേയാണൊ ഉപലബ്ധിയുള്ളതും കാരണം സത്യമായതും അതിനെ മിഥ്യയാണെന്നു പറയുന്നവരുടെ വാക്കാണ് മിഥ്യയാകുന്നത്. കണ്ടതും കേട്ടതുമായ സംസ്കാരത്തിൽ നിന്നാണ് സ്വപ്നമുണ്ടാവുന്നത്. കാണുന്നതും കേൾക്കുന്നതും പ്രത്യക്ഷാനുഭവസംസ്കാരത്തിൽ ഉണ്ടാവുന്നില്ലെങ്കിൽ സ്വപ്നവും ഉണ്ടാവില്ല. സർവ്വജ്ഞനും അവസ്ഥാദികൾ ഇല്ലാത്തവനുമായ പരമാത്മാവിന് സ്വപ്നമുണ്ടാവുകയില്ല.

(തുടരും)

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**

തർജ്ജമ: സുരി



**ചോദ്യം 60: അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന പാപങ്ങൾക്ക് പശ്ചാത്താപം ചെയ്യുകവഴി ഈശ്വരൻ മാപ്പ് നൽകുമോ ?**

**ഉത്തരം** : അറിഞ്ഞും അറിയാതെയും ചെയ്യുന്ന എല്ലാകർമ്മങ്ങൾക്കും ഫലം തീർച്ചയായും ലഭിക്കും സത്കർമ്മമാണെങ്കിൽ അതിനുള്ള ഫലവും ദുഷ്കർമ്മങ്ങൾക്ക് അതിനുള്ള ശിക്ഷയും ഉറപ്പായും ലഭിക്കും. ചെയ്യുന്ന കർമ്മങ്ങൾക്കുള്ള ഫലമൊ ശിക്ഷയോ തീർച്ചയായും ലഭിക്കത്തക്കവിധമാണ് ഈശ്വരന്റെ വ്യവസ്ഥ. ഉദാഹരണത്തിന് അറിഞ്ഞോ അറിയാതെയോ നമ്മുടെ കൈ അഗ്നിയെ സ്പർശിച്ചാൽ എന്താണുണ്ടാവുക? തീർച്ചയായും നമ്മുടെ കൈപൊള്ളും. പശ്ചാത്താപ രൂപിയായ അഗ്നിയിൽ ദോഷങ്ങളെല്ലാം ഭസ്മമായിതീരുകയും മനസ്സിന്റെ ഭാരംകുറയുകയും ചെയ്യുന്നു. ലക്ഷ്യം ശുദ്ധമാണെങ്കിൽ ഈശ്വരനിൽ നിന്ന് സത്കർമ്മം ചെയ്യാനുള്ള പ്രേരണ ലഭിക്കുന്നു. ചെയ്തകർമ്മത്തിന്റെ ഫലം തീർച്ചയായും കിട്ടിയിരിക്കും. കർമ്മത്തിന്റെ ഫലം മാപ്പല്ല എന്നത് അചഞ്ചലനിയമമാണ്. എത്രപ്രാവശ്യം കർമ്മം ചെയ്യുന്നുവോ അത്രയും പ്രാവശ്യം യാതൊരു ഏറ്റകുറച്ചിലുമില്ലാതെ അതിന്റെ ഫലവും കിട്ടുന്നു. കർമ്മഫലം ഈശ്വരാധീനത്തിലാണ്. അദ്ദേഹം ന്യായാധീശനനാണ്. കർമ്മം ജീവാത്മാക്കൾ ചെയ്യുന്നു. ഫലം ഈശ്വരൻ തരുന്നു. 'വികാരങ്ങളെ നശിപ്പിക്കുക എന്നതാണ് ആത്മശുദ്ധിക്ക് കാരണമായിട്ടുള്ളത്.' വീണ്ടും അതേ കർമ്മങ്ങൾ ചെയ്താൽ ഈശ്വരൻ മാപ്പു നൽകുമോ ? ഒരിക്കലുമില്ല.

മാർഗ്ഗത്തിലുള്ള കല്ലുകൾ തട്ടിതന്നെയാണ് മനുഷ്യൻ നേരെയാകുന്നത്. ഭാവിയിലേക്ക് കണ്ണു തുറന്ന് സഞ്ചരിക്കാം. പക്ഷെ കാലിൽ തട്ടിക്കഴിഞ്ഞ കല്ലിന്റെ വേദസഹിക്കുതന്നെ വേണം.

ലക്ഷകണക്കിനുവർഷങ്ങൾ കഴിഞ്ഞിട്ടും ലോകം രാവണന്റെ ചെയ്തികളെ മറന്നിട്ടില്ല. ഓരോ വർഷവും രാവണന്റെ കോലം കത്തിച്ച് തങ്ങളുടെ മനസ്സിലെ വിദ്വേഷത്തെ ശാന്തമാക്കുന്നു. വേദം, ശാസ്ത്രം, ദർശനം എന്നിവയിലെല്ലാം അറിവുള്ളവനായിരുന്നു. എന്നാൽ ആചരണം ഇതിനെല്ലാം വിരുദ്ധമായിരുന്നു. വേദങ്ങൾ പഠിച്ചതുകൊണ്ടും പഠിപ്പിച്ചതുകൊണ്ടും മാത്രം ഒരാളുടെ പാപകർമ്മങ്ങൾ ക്ഷമിക്കപ്പെടുന്നില്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഈശ്വരൻ സർവ്വജ്ഞനും ന്യായകാരിയും ദയാലുവുമാണ്. എല്ലാവരുടേയും പ്രവൃത്തികൾക്കുള്ള ഫലം അത് ചെറിയ പാപമായാലും വലിയപാപമായാലും അദ്ദേഹം നൽകുന്നു.

മനസാവാചാകർമ്മണാ എന്തെല്ലാം ശുഭാശുഭകർമ്മങ്ങളുണ്ടാകുന്നുവോ ഈശ്വരന്റെ ന്യായവ്യവസ്ഥയിൽനിന്ന് അവയ്ക്ക് ഒരിക്കലും ഒളിച്ചോടാൻ സാധിക്കുകയില്ല.

(തുടരും)

***ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)***
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

ജാതവേദൻ

**പാഠം 7 ഈശ്വരനും വേദങ്ങളും**

**ചോദ്യം 20: ഈശ്വരൻ അവതരിക്കുന്നു എന്നു കരുതുന്നതിൽ എന്താണ് ദോഷം ?**

**ഉത്തരം** : ഈശ്വരൻ അവതരിക്കുന്നുവെന്നംഗീകരിച്ചാൽ താഴെ പറയുന്ന ദോഷങ്ങൾ വരും. 1. അവതാരമെടുക്കാനായി ജന്മമെടുക്കേണ്ടിവരും. 2. സർവ്വവ്യാപകന് ജന്മമെടുക്കുക അസംഭവമാണ്. 3. ജന്മമെടുത്താൽ സുഖം, ദുഃഖം, വിശപ്പ്, ദാഹം, തണുപ്പ്, ചൂട് എന്നീ അനുഭൂതികൾ വരും. 4. ഈശ്വരൻ നിരാകാരനാണ്. അതിനാൽ അദ്ദേഹത്തിന് ഒരിക്കലും അവതരിക്കാനാവില്ല.

**ചോദ്യം 21 :ജീവാത്മാവും പരമാത്മാവും ഒന്നാണൊ ?**

**ഉത്തരം** : അല്ല, ജീവാത്മാവും പരമാത്മാവും ഒന്നല്ല.

**ചോദ്യം 22: നാം സ്വന്തം ആഗ്രഹപ്രകാരമാണോ കർമ്മം നടത്തുന്നത് ? അതോ ഈശ്വരന്റെ ഇച്ഛക്കനുസരിച്ചോ ?**

**ഉത്തരം** : നമ്മുടെ ഇച്ഛക്കനുസരിച്ചാണ് കർമ്മങ്ങൾ ചെയ്യുന്നത്. ഈശ്വരന്റെ ഇച്ഛക്കനുസരിച്ചല്ല.

**ചോദ്യം 23: ഈശ്വരന്റെ ഇച്ഛക്കനുസരിച്ചാണ് കർമ്മം ചെയ്യുന്നത് എന്നംഗീകരിച്ചാലുള്ള ദോഷമെന്താണ് ?**

**ഉത്തരം** : അങ്ങനെയംഗീകരിച്ചാൽ ലോകത്തിൽ മോശം കാര്യങ്ങൾ ഒന്നും ഉണ്ടാവാനിടയില്ല. എന്തെന്നാൽ ഈശ്വരൻ ഒരിക്കലും അത്തരം കർമ്മങ്ങൾ ചെയ്യില്ല.

**ചോദ്യം 24 :ഈശ്വരനുമായുള്ള നമ്മുടെ ബന്ധമെങ്ങനെയാണ് ?**

**ഉത്തരം** : ഈശ്വരൻ നമ്മുടെ പാലകനും രക്ഷകനും ബന്ധുവും ഗുരുവും ആചാര്യനും സ്വാമിയും രാജാവും ന്യായാധീശനുമാണ്.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**അ**ജമേധമെന്നാൽ ആടുകൾ തുടങ്ങിയവയെ യജ്ഞത്തിൽ ബലിയർപ്പിക്കുക എന്നല്ല. അജമെന്നാൽ വിത്ത്, ധാന്യം എന്നൊക്കെയാണ്. അതിനാൽ കൃഷിചെയ്യുന്നത് അജമേധമാണ്. അഗ്നിഹോത്രാദികളിൽ ധാന്യങ്ങൾ തുടങ്ങിയവ ആഹുതി നൽകുന്നതും അജമേധമെന്നതിന്റെ അർത്ഥത്തിൽ വരുന്നു.

**ചോദ്യം 4 : യജുർവ്വേദം 24 – 29 ൽ 'ഹസ്തിന ആലഭതെ' അതായത് ആനകളെ കൊല്ലാൻ വിധിപറയുന്നുണ്ടല്ലൊ ?**

**ഉത്തരം** : 'ലഭ്' ധാതുവിനാൽ ഉണ്ടാവുന്ന 'ആലംഭ' ശബ്ദം കൊല്ലുക എന്നല്ല. നല്ല രീതിയിൽ പ്രാപിക്കുക, സ്പർശിക്കുക, നൽകുക എന്നൊക്കെയാണ്. 'ഹസ്തിന' എന്ന ശബ്ദത്തിന്റെ അർത്ഥം ആന എന്നെടുക്കുകയാണെങ്കിൽ രാജാവിന് തന്റെ രാജ്യത്തിന്റെ വികസനത്തിനായി ആന തുടങ്ങിയവയെ നേടിയെടുക്കുകയും തന്റെ സൈന്യത്തെ ശക്തിപ്പെടുത്തുകയും വേണമെന്നാണ് ഈ മന്ത്രത്തിൽ പറയുന്നത്. ഇവിടെ ഹിംസയെക്കുറിച്ച് ഒരു വിധിയും പറയുന്നില്ല.

പാരസ്കരഗൃഹ്യസൂത്രം 2.2.16 ൽ ആചാര്യൻ ബ്രഹ്മചാരിയെ ആലംഭനം അഥവാ ഹൃദയത്തെ സ്പർശിക്കുന്നുവെന്ന് പറയുന്നുണ്ട്. ഇവിടെ സ്പർശനം എന്നാണ് ആലംഭത്തിനർത്ഥം. പാരസ്കരസൂത്രം 1.8.8 ലും വരൻ വധുവിന്റെ വലതുചുമലിനുമുകളിലൂടെ കൈകൾ വെച്ച് അവരുടെ ഹൃദയത്തെ സ്പർശിച്ചാലും എന്നു പറയുന്നു. ഇവിടേയും ആലംഭനത്തിന്റെ അർത്ഥം സ്പർശനമെന്നാണ്.

ഇവിടെയൊക്കെ ആലംഭനമെന്നാൽ കൊല്ലുക എന്നർത്ഥമെടുത്താൽ അതെങ്ങനെ യുക്തിസഹമാവും ?

**ചോദ്യം 5 : വേദങ്ങൾ, ബ്രാഹ്മണങ്ങൾ, സൂത്രഗ്രന്ഥങ്ങൾ എന്നിവയിൽ 'സംജ്ഞപൻ' ശബ്ദം വരുനനുണ്ട്. ഇതിനർത്ഥം പശുവിനെ കൊല്ലുക എന്നാണല്ലോ ?**

**ഉത്തരം** : 'സംജ്ഞപൻ' ശബ്ദത്തിന്റെ അർത്ഥം ജ്ഞാനം നൽകുക, കൊടുപ്പിക്കുക തുടങ്ങിയവയാണ്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

# SUPPORT FOR VEDA GURUKULAM

We solicit your support for running our Veda Gurukulam by way of conducting special *'Yagya', 'Annadanam' etc..*, to meet the educational expenses of *'Brahmacharis' and* maintanance of *'Goshala'* during the occasion of Birthdays, Marriages, Marriage Anniversaries etc.. at your family. The donations may be made through Cheque / Draft or can be directly deposited at our Bank as per the details mentioned below

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**
**Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,**
**Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440**
**A/C No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400**
**(Registered Under Section 12AA of Income Tax Act 1961)**

**ദയാനന്ദ സന്ദേശം:** ഉടമസ്ഥതയും വിശദാംശങ്ങളെയും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി. നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

**ഫോറം IV**

| | | | |
|---|---|---|---|
| 1. | പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 2. | പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. | അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 4. | പ്രസാധകന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 5. | പത്രാധിപരുടെ പേര് | - | കെ.എം. രാജൻ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |

6. പത്രത്തിന്റെ ഉടമസ്ഥതിയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം: **വെള്ളിനേഴി** ഒപ്പ്
തിയ്യതി: **10.03.2017** കെ.എം. രാജൻ, പ്രസാധകൻ

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ആർഷപദ്ധതി പാഠ്യക്രമം ആരംഭിച്ചു.

കാറൽമണ്ണ: വൈദിക നവവത്സരദിനമായ ചൈത്രശുക്ലപ്രതിപദ (28 മാർച്ച്) ദിനത്തിൽ കാറൽമണ്ണ വേദഗുരുകുലത്തിൽ ആർഷ പദ്ധതിയിൽ അധിഷ്ഠിതമായ വ്യാകരണ പഠനം ആരംഭിച്ചു. കാലത്ത് വിശേഷാൽ അഗ്നിഹോത്രത്തിനു ശേഷം അജ്മേർ ഋഷി ഉദ്യാനത്തിൽനിന്നു വന്ന സ്വാമി മുക്താനന്ദ ഈ പഠനപദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഗുരുകുലത്തിന്റെ കുലപതി ഡോ.പി.കെ. മാധവൻ, ആചാര്യ ചതുർഭുജ്, ആചാര്യ വാമദേവ്, ഡോ. ശശികുമാർ നെച്ചിയിൽ, വി. ഗോവിന്ദദാസ്, കെ.എം.രാജൻ, കെ. ഗോവിന്ദപ്രസാദ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

അഷ്ടാധ്യായി, പ്രഥമാവൃത്തി, കാശിക, ധാതുപാഠം, മഹാഭാഷ്യം, നിരുക്തം, ഛന്ദസ്സ് തുടങ്ങിയ വൈദികവ്യാകരണം പൂർണ്ണമായി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ പഠനപദ്ധതി സാംഗോപാംഗവേദപഠനത്തിന്റെ ഭാഗമാണ്. നാലുവർഷത്തോളം നീണ്ടുനിൽക്കുന്ന ഈ പാഠ്യപദ്ധതിയിൽ പ്രവേശനം ലഭിച്ച ബ്രഹ്മചാരികളെ ഏവരും അനുമോദിച്ചു.

പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതിയുടെ 'വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി', മഹർഷി ദയാനന്ദസരസ്വതിയുടെ 'ആര്യോദ്ദേശ്യ രത്നമാല' എന്നീ ഗ്രന്ഥങ്ങളുടെ മലയാള പരിഭാഷയുടെ പ്രകാശനം സ്വാമി മുക്താനന്ദ നിർവ്വഹിച്ചു. കെ.എം. രാജനാണ് ഈ പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്.

കാറൽമണ്ണ വേദ ഗുരുകുലത്തിൽ വെച്ച് നടത്തുന്ന സംസ്കൃത പഠന പദ്ധതിയുടെ ഭാഗമായി വിശ്വ സംസ്കൃത പ്രതിഷ്ഠാനം കഴിഞ്ഞ ഡിസംബർ 2016ൽ നടത്തിയ പ്രവേശ, പരിചയ. ശിക്ഷ, കോവിദ പരീക്ഷകളിൽ വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണവും അനുമോദന സദസ്സും നടത്തി.

ഇതോടനുബന്ധിച്ച് 'നാടൻപശുപരിപാലനവും പഞ്ചഗവ്യ ചികിത്സയും' എന്ന വിഷയത്തെഅധികരിച്ചുള്ള ഒരു ശിൽപശാലയും നടന്നു. ഗവ്യ സിദ്ധ അസോസിയേഷൻ സംസ്ഥാന അധ്യക്ഷൻ ആചാര്യ വിനയ്കൃഷ്ണ ശിൽപശാലക്ക് നേതൃത്വം നൽകി. നാടൻപശുക്കളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും പഞ്ചഗവ്യ ചികിത്സയും ഇതോടൊപ്പം നടന്നു.

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***